LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം, ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് 5 ലക്ഷം രൂപ വീതവും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ചെങ്ങന്നൂർ, പത്തനംതിട്ട, തിരുവല്ല, ഏറ്റുമാനൂർ, പാല മുനിസിപ്പാലിറ്റികൾക്കും എരുമേലി, റാന്നി-പെരിനാട്, വടശ്ശേരിക്കര, പന്തളം, പഴവങ്ങാടി, റാന്നി, അങ്ങാടി, നാറാണംമൂഴി, കൊളനട, കോന്നി, മൂത്തോളി, എലിക്കുളം, കോരുത്തോട്, മുണ്ടക്കയം, കമളി, കാഞ്ഞിരപ്പള്ളി, ചിറക്കടവ്, പെരുവന്താനം, സീതത്തോട്, ചെറുകോൽ, ആയിരൂർ, പാറത്തോട്, വണ്ടിപ്പെരിയാർ, പീരുമേട് എന്നീ ഗ്രാമ പഞ്ചായത്തുകൾക്കുമായി മൊത്തം 3 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഹോട്ടലുകളിലെയും മറ്റും ശുചിത്വവും ആഹാരത്തിന്റെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തീർത്ഥാടകർക്കായി പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിലും കാനന പാതകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനും ശുദ്ധജല ലഭ്യതയ്ക്കുമായി കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതും, അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് സോൺ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

147 (836) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് വിവിധ രീതിയിലുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി എത്ര ഏക്കർ വനഭൂമിയാണ് വനംവകുപ്പിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ളത്; ഈ ഭൂമി എവിടെയൊക്കെ, ഏതെല്ലാം വർഷങ്ങളിലാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾക്കായി ദേവസ്വം ബോർഡിന് വിട്ടുകിട്ടിയ ഭൂമി മറ്റു സംസ്ഥാനങ്ങൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതു വ്യവസ്ഥകൾ പ്രകാരമാണ് വനംവകുപ്പും ദേവസ്വം ബോർഡും തമ്മിലുള്ള കൈമാറ്റം നടന്നിട്ടുള്ളതെന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ശബരിമലയ്ക്കും പമ്പയ്ക്കും ഇടയിലുള്ള ഭാഗങ്ങളിലെ വനപ്രദേശത്ത് ദേവസ്വം ബോർഡിന് സ്വതന്ത്രമായി നടപടികൾ സ്വീകരിക്കുവാൻ കഴിയുന്ന രീതിയിൽ ഭൂമി ലഭിച്ചിട്ടുള്ള ഭാഗങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വനംവകുപ്പിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ച വനഭൂമിയിൽ എന്തെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന കാര്യം വ്യക്തമാക്കുമോ ;

(എഫ്) ദേവസ്വം ബോർഡിന് വനംവകുപ്പിൽ നിന്നും വിട്ടുകിട്ടിയ ഭൂമിയിൽ നടത്തിയ ഏതെങ്കിലും പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് എതിർപ്പ് അറിയിക്കുകയോ ജോലികൾ തടസ്സപ്പെടുത്തിയതോ ആയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ജി) വനം വകുപ്പും ദേവസ്വം ബോർഡും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് ഇരുവകുപ്പുകളും ചേർന്ന് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പെരിയാർ വെസ്റ്റ് ഡിവിഷനിൽനിന്നും 56.3955 ഹെക്ടറും, റാന്നി വനം ഡിവിഷനിൽ നിന്നും 124.9615 ഹെക്ടറും വനഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു:

പെരിയാർ വെസ്റ്റ് ഡിവിഷൻ

സ്ഥലം	വിസ്തീർണ്ണം (ഹെക്ടർ)	വർഷം
(1)	(2)	(3)
സന്നിധാനം	5.26	1965 നുമുൻപ്
സന്നിധാനം	20.24	1965
പമ്പ	4.048	1970
ചെറിയാനവട്ടം	0.4225	1970

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
മാളികപ്പുറം	1.90	1986
പമ്പ	3.44	1986
ശരംകുത്തി	5.59	1986
വെടിപ്പുര	2.62	1986
കുന്നാർ	0.20	2000
ശബരിമലയും പമ്പയുമിടയിൽ വിവിധ ഭാഗങ്ങളിൽ	12.675	2005

റാന്നി വനം ഡിവിഷൻ

സ്ഥലം	വിസ്തീർണ്ണം (ഹെക്ടർ)	വർഷം
പമ്പാ നദിയുടെ തെക്ക് ഭാഗം, ചാലക്കയം പമ്പാ റോഡ് നവീകരണം, പ്ലാപ്പള്ളി പമ്പാ റോഡിൽ താൽക്കാലിക കടകൾ, കുന്നാറിൽ ചെക്ക് ഡാം, പമ്പയിൽ വാഹനപാർക്കിംഗ്, പമ്പാ കക്കി നദികൾക്ക് കുറുകെ രണ്ട് വെൻഡ് ക്രോസ്ബാർ	14.4375	1975 മുതൽ 2000 വരെ
നിലയ്ക്കൽ ബെയ്സ് ക്യാമ്പിന്റെ വികസനം	110.524	2005

(ബി) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ നിലയ്ക്കലിൽ പണികഴിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനുള്ള യോഗം ബോർഡ് തലത്തിൽ ഉടൻ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാസ്റ്റർ പ്ലാൻ അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂ എന്നുള്ള വ്യവസ്ഥയിലാണ് വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(ഡി) ശബരിമല ക്ഷേത്ര സമുച്ചയത്തിന് ചുറ്റുമുള്ളതും പരമ്പരാഗത പാതയ്ക്കിരുവശമുള്ളതും പമ്പ ഗണപതിക്ഷേത്രത്തിന് സമീപമുള്ളതുമായ ഭൂമിയാണ് സ്വതന്ത്രമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്.

(ഇ) ശബരിമല മാസ്റ്റർ പ്ലാൻ അനുശാസിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലാണ് വനഭൂമി ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(എഫ്) മാസ്റ്റർപ്ലാനിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിൽ നിന്നും എതിർപ്പുണ്ടായിട്ടില്ല.

(ജി) വനം വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും, ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹൈപ്പവർ കമ്മിറ്റി (എച്ച്.പി.സി.) രൂപീകരിച്ചിട്ടുണ്ട്. ഹൈപ്പവർ കമ്മിറ്റിയിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗമാണ്.

പമ്പാ നദിയിലെ മലിനീകരണം

148 (837) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിൽ ശബരിമല ഭക്തന്മാർ വസ്തുക്കൾ നിക്ഷേപിക്കുന്നത് തടയണമെന്ന ബഹു.ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തു മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മുൻ കാലങ്ങളിലെപ്പോലെ ലേലം വിളിച്ചു ആളെ ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പമ്പാനദിയിൽ വസ്തുക്കൾ ഉപേക്ഷിക്കുന്നത് കുറ്റകരമാണെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും അത്തരം പ്രവർത്തനം തടയുന്നതിനുമായി കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനങ്ങളുടെ മാതൃഭാഷകളിൽ അവബോധന അറിയിപ്പുകൾ ദേശീയ മാധ്യമമായ ദൂരദർശൻ വഴി

LIBRARY ARCHIVES Kerala Legislative Assembly